ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ചോദിച്ചത് അതല്ല. പബ്ളിക് ആയിട്ട് നിങ്ങളം കൊടുക്കും, പ്രൈവറാണെങ്കിൽ കൊടുക്കുന്നില്ല അതാണ്.

(ഉത്തരം പറഞ്ഞില്ല)

ഓണച്ചന്തകൾ

*271 [411] ശ്രീ. ടി. എസ്. ജോൺ:
,, എം. വി. മാണി:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള ഓണച്ചന്തകൾ സഹകാര്യ ഉടമകൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): (എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ടി. എസ്. ജോൺ: സർ, മാതൃഭൂമി പത്രത്തിൽ വെണ്ടയ്ക്ക അക്ഷരത്തിൽ ഒരു ഹെഡ്ഡിംഗോടുകൂടി വന്നതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. കഴിഞ്ഞവർഷം നടത്തിയതുപോലെ എല്ലാ താലൂക്കുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കടകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കടകൾ എത്രയെണ്ണം നടത്തുന്നുണ്ട്? ഈ വർഷം നടത്താൻ ആഗ്രഹിക്കുന്നുണ്ടോ? അതുപോലെതന്നെ കോർപ്പറേഷനുകളിൽ നടത്തിക്കൊണ്ടിരിക്കുന്ന കടകൾ ഏതെല്ലാം രീതിയിലാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ പത്രത്തിൽ അങ്ങനെ ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. പക്ഷെ ആ റിപ്പോർട്ട് ശരിയല്ല. അങ്ങനെ ഓണച്ചന്തകൾ സഹകാര്യ വ്യക്തികളെ ഏൽപ്പിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉദ്ദേശമില്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ ഈ പ്രാവശ്യവും ഓണക്കാലത്ത് വിപുലമായ തോതിൽ ഓണച്ചന്തകൾ നടത്തുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, എന്നീ 3 കോർപ്പറേഷനുകളിൽ വരുന്ന മാസം 12-ാം തീയതി മുതൽതന്നെ ബക്രീദ് ഫെയർ ആരംഭിച്ച് അത് ഓണം കഴിയുന്നതുവരെ 14.9.86 വരെ തുടർന്ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുപുറമേ 67 താലൂക്ക് ആസ്ഥാനങ്ങളിലും മറ്റുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഓണച്ചന്തകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. അതിനുപുറമേ ഗ്രാമപ്രദേശങ്ങളിലും പഞ്ചായത്തുകളിലും സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 1500-ഓളം ഓണച്ചന്തകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. സ്റ്റീഫൻ ജോൺ: ഓണം, ബക്രീദ്, ക്രിസ്തുമസ് മുതലായ കാലഘട്ടങ്ങളിലാണ് ഈ ചന്തകളും നടത്താറുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനുകളിൽ ഈ കാല ഘട്ടങ്ങളിൽ ആയിരുന്നു നമ്മൾ കടകളും നടത്തി പച്ചക്കറി സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ ഉള്ള ഒരു ശ്രമം എന്നുള്ള നിലയിൽ ഇത് ആരംഭിച്ചത്. എന്നാൽ ഈ കോർപ്പറേഷനുകളിൽ എല്ലാകാലത്തും എല്ലാ ദിവസവും, അതായത് 365 ദിവസവും ഓണച്ചന്തപോലുള്ള കടകളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഗവൺമെന്റ് ശ്രമിക്കുമോ? അങ്ങനെ ശ്രമിച്ചാൽ പച്ചക്കറി സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ നമുക്ക് കഴിയും, അതിന് ശ്രമിക്കുമോ?

ശ്രീ. യു. എ. ബീരാൻ: പച്ചക്കറിയെ സംബന്ധിച്ചാണെങ്കിൽ പച്ചക്കറിമാത്രമായി വിതരണം ചെയ്യുന്നതിനുവേണ്ടി തിരുവനന്തപുരത്തും, കോഴിക്കോട്ടും, കോട്ടയത്തും, എറണാകുളത്തും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി മാർക്കറ്റുകളും ഉണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാ കാലങ്ങളിലും സാദ്ധ്യമല്ല. ഉൽസവ കാലങ്ങളിൽ, ബക്രീദ് ബസാറും, ഓണക്കാലത്ത് ഓണച്ചന്തയും, ക്രിസ്തുമസ് കാലത്ത് ക്രിസ്തുമസ് ബസാറും നടത്താൻ ആണ് ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളത്. അതാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കൊക്കോ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം

* 272 [412] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. അറുമുഖൻ:
,, സി. കെ. തങ്കപ്പൻ:
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിച്ച കൊക്കോ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിൽ തന്നെ പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly